**(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)**

**നം.കെ.എസ്.എ-ഐ.ഡി.കെ-9/199/2020**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
ഫോൺ നം.: 04862 227332
*Email: doidk.ksad@kerala.gov.in*

തീയതി : **27.04.2020**

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന)**
ഉപ്പുതറ ഗ്രാമപഞ്ചായത്ത്

സർ

**വിഷയം :- ഉപ്പുതറ ഗ്രാമപഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്**

******************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **ഉപ്പുതറ** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ **ഭാഗം 1**ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

**ഡെപ്യൂട്ടി ഡയറക്ടർ**

**പകർപ്പ് :**
1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം).
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി, തൊടുപുഴ.
3) കാര്യാലയ പകർപ്പ്.

**നം.കെ.എസ്.എ-ഐ.ഡി.കെ-9/199/2020** **തീയതി : 27.04.2020**

**ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക**

**വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

******************************************

ഇടുക്കി ജില്ലയിലെ **ഉപ്പുതറ** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് **22.01.2019** മുതൽ **14.02.2020** തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. **12** അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ **04** എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിലും മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധന വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| **ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ** | ശ്രീമതി. ബേബി സന്ധ്യ, ഡെപ്യൂട്ടി ഡയറക്ടർ |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 14.02.2020 മുതൽ 19.02.2020 വരെ |

| | | |
|---|---|---|
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | ശ്രീമതി. സുസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സോമൻ എം. റ്റി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. അഭിലാഷ് എം. കെ | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ബെന്നി മാത്യു | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | | |
|---|---|---|
| | | |
| | ശ്രീ. സുനിൽ കുമാർ ജി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. സുനിത ബാബു ബി. എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ബിനുമോൻ കെ. സി. | ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| **പ്രസിഡന്റ്** | ശ്രീ. സജിമോൻ ടൈറ്റസ്<br>ശ്രീ.സത്യൻ കെ. | 01.04.2018 മുതൽ 16.08.2018 വരെ<br>17.08.2019 മുതൽ 31.03.2019 വരെ |
| **സെക്രട്ടറി** | ശ്രീമതി. രേഖ എം. കെ | 01.04.2018 മുതൽ 20.10.2018 വരെയും |
| | ശ്രീ. എസ്. നിസ്സാർ | 21.10.2018 മുതൽ 31.03.2019 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| | | |
|---|---|---|
| **കൃഷി ഓഫീസർ** | ശ്രീ. ബിനുമോൻ കെ. കെ. | 01.04.2018 മുതൽ 31.03.2019വരെ |
| **വെറ്ററിനറി സർജൻ** | ഡോ. റ്റി. എസ്. അരുൺ | 01.04.2018 മുതൽ 31.03.2019 വരെ |
| **ഐ.സി.ഡി.എസ്. സൂപ്പർവൈസർ** | ശ്രീമതി. ലളിത പി. എസ്. | 01.04.2018 മുതൽ 13.06.2018 വരെ |
| | ശ്രീമതി. വി. ശ്രീനന്ദിനി | 14.06.2018 മുതൽ 31.03.2019 വരെ |
| **വി.ഇ.ഒ.** | ശ്രീ. മാത്യു പി. സി. | 01.04.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ(ആരോഗ്യം)** | ഡോ. കെ. ഇ. സെബാസ്റ്റ്യൻ | 01.04.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ(ഹോമിയോ)** | ഡോ. അശ്വതി. കെ | 01.04.2018 മുതൽ 17.06.2018 വരെ |
| | ഡോ. കെ. എ. സജീന | 18.06.2018 മുതൽ 04.07.2018 വരെ |
| | ഡോ. ഷീജ രാജൻ | 05.07.2018 മുതൽ 24.07.2018 വരെ |

| | | |
|---|---|---|
| | ഡോ. രഞ്ജുഷ മാത്യു | 25.07.2018 മുതൽ 25.10.2018 വരെ |
| | ഡോ. ധന്യ ഡി. എം. | 26.10.2018 മുതൽ 31.03.2019 വരെ |
| **അസി. എഞ്ചിനീയർ** | ശ്രീ. സണ്ണി പി. എസ് | 01.04.2018 മുതൽ 23.06.2018 വരെ |
| | ശ്രീ. ആദർശ്. പി | 24.06.2018 മുതൽ 07.11.2018 വരെ |
| | ശ്രീ. ജോസഫ് തോമസ് | 08.11.2018 മുതൽ 05.01.2019 വരെ |
| | ശ്രീ. അജിത് എം. ജി. | 06.01.2019 മുതൽ 31.03.2019 വരെ |
| **ഡയറി ഫാം ഇൻസ്ട്രക്ടർ** | ശ്രീമതി. കെ. എൻ. മിനിമോൾ | 01.04.2018 മുതൽ 31.03.2019 വരെ |
| **അസി. സെക്രട്ടറി** | ശ്രീ. ബ്രൈറ്റ് മോൻ. പി. | 01.04.2018 മുതൽ 22.06.2018 വരെ |
| | ശ്രീ. പ്രവീൺകുമാർ കെ.എസ്. | 23.06.2018 മുതൽ 31.03.2019 വരെ |
| **ഹെഡ് മാസ്റ്റർ** | ശ്രീ. സി. ശേഖരൻ | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഖണ്ഡിക നം. | ഓഡിറ്റ് റിപ്പോർട്ട് |
|---|---|---|
| **ഭാഗം-I (പൊതു അവലോകനം)** | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം) |

| | | |
|---|---|---|
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തര നിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക കണക്കിലെ അപാകതകൾ |
| 12 | 1-12 | പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 13 | 1-13 | വസ്തു നികുതി നിർണ്ണയം, പെർമിറ്റ് സംബന്ധമായ അപാകതകൾ |
| 14 | 1-14 | മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതി ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല |
| 15 | 1-15 | എസ്.എസ്.എ – വിനിയോഗ വിശദാംശങ്ങൾ പഞ്ചായത്തിന് ലഭിക്കുന്നില്ല |
| 16 | 1-16 | എച്ച്.എം. നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ - കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിന് ടെൻഡർ നൽകിയില്ല |
| 17 | 1-17 | സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി - ₹17,30,218/-യുടെ ചെലവ് തടസ്സം |
| 18 | 1-18 | വികസന ഫണ്ട് നഷ്ടം |
| 19 | 1-19 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ - മുതൽ കൂട്ടിയില്ല |
| 20 | 1-20 | മഹാത്മാഗാന്ധി ഗ്രാമീണതൊഴിലുറപ്പ് പദ്ധതി – ഭരണ ചെലവുകൾക്ക് നൽകിയ തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല |
| 21 | 1-21 | സാക്ഷരത പ്രേരകിന് 2016-17 മുതൽ നൽകിയ മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. |
| 22 | 1-22 | ദിവസ വേതനത്തിൽ ടൗൺ ക്ലീനിംഗ് തൊഴിലാളികൾക്ക് ഓണം മുൻകൂർ വേതനം |

| | | |
|---|---|---|
| | | നൽകൽ ക്രമവിരുദ്ധം |
| 23 | 1-23 | കംഫർട്ട് സ്റ്റേഷൻ ക്ലീനിംഗ് ചാർജ്ജ് നൽകൽ - പഞ്ചായത്തിന് ബാധ്യത |
| 24 | 1-24 | ആസ്തി രജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിക്കുന്നില്ല |
| 25 | 1-25 | എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല |
| 26 | 1-26 | 9 ഏക്കർ കുടിവെള്ള പദ്ധതി പൂർത്തീകരണം |
| 27 | 1-27 | കുടിവെള്ള പദ്ധതികൾ പരാജയം |
| **ഭാഗം-II വരവ് (വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ)** | | |
| - ഇല്ല - | | |
| **ഭാഗം-III ചെലവ് (വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ)** | | |
| - ഇല്ല - | | |
| **ഭാഗം-IV (പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും)** | | |
| 28 | 4-1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 29 | 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 30 | 4-3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 31 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 32 | 4-5 | വായ്പ/വായ്പാതിരിച്ചടവ് |
| 33 | 4-6 | സ്ഥിര നിക്ഷേപം |
| 34 | 4-7 | ഓഡിറ്റ് റിക്കവറി |
| 35 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 36 | 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |

| | | |
|---|---|---|
| 37 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 38 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 39 | അനുബന്ധം - 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

26.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 04.02.2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 25.06.2019 | - | - |

### 1-3 സാമ്പത്തിക വിശകലനം (റെസിപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹1,86,10,933 |
| വരവ് | ₹21,07,00,852 |
| ആകെ | ₹22,93,11,785 |
| ചെലവ് | ₹13,83,45,962 |
| നീക്കിയിരിപ്പ് | ₹9,09,65,823 |

### 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി ₹ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| **വികസന ഫണ്ട്**-ജനറൽ (ACR പ്രകാരം) | | 33614647 | 33614647 | 27522385 | 6092262 |
| **വികസന ഫണ്ട്**-എസ്.സി.പി (ACR പ്രകാരം) | | 8261000 | 8261000 | 6625338 | 1635662 |
| **വികസന ഫണ്ട്**-ടി.എസ്.പി (ACR പ്രകാരം) | | 4940000 | 4940000 | 4295818 | 644182 |
| **മെയിന്റനൻസ്** - റോഡ് (ACR പ്രകാരം) | | 26970000 | 26970000 | 20623293 | 6346707 |
| **മെയിന്റനൻസ്** - നോൺ-റോഡ് (ACR പ്രകാരം) | | 6249000 | 6249000 | 2267533 | 3981467 |
| **സെൻട്രൽ ഫിനാൻസ് കമ്മിഷൻ ഗ്രാന്റ്** (ACR പ്രകാരം) | | 18349993 | 18349993 | 14715424 | 3634569 |
| **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | | | | |
| **എം.ജി.എൻ.ആർ.ഇ.ജി.എസ്**-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2464 | 484363 | 486827 | 477780 | 9047 |
| തൊഴിലാളികളുടെ കൂലി | 0 | 47464706 | 47464706 | 47464706 | 0 |
| ഐ.സി.ഡി.എസ്. | 1138984 | 1073013 | 2211997 | 1107097 | 1104900 |
| TSC | 416028 | 2670053 | 3086081 | 430034 | 2656047 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്സ് (320100199) | 216241 | 0 | 216241 | 0 | 216241 |
| പ്രളയ ദുരിതാശ്വാസ ഫണ്ട് | 28302 | 125000 | 153302 | 125000 | 28302 |
| കുടിവെള്ള പദ്ധതി | 500000 | 0 | 500000 | 305166 | 194834 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്സ് (320300199) | 256014 | 0 | 256014 | 0 | 256014 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്സ് (320400199) | 87240 | 0 | 87240 | 0 | 87240 |
| ബി-ഫണ്ട് | 0 | 43920 | 43920 | 43920 | 0 |
| ജവഹർ ഭവന പദ്ധതി | 40000 | 0 | 40000 | 40000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 1227253 | 5961657 | 7188910 | 5446130 | 1742780 |
| ജില്ലാപഞ്ചായത്ത് | 0 | 5613846 | 5613846 | 1300000 | 4313846 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 11900005 | 11900005 | 11900005 | 0 |
| **തനത് ഫണ്ട്** – ബാങ്ക് | 15770394 | 7496843 | 23267237 | 11990352 | 11276885 |
| ട്രഷറി | -(1385002) | 27609980 | 26224978 | 8705589 | 17519389 |

| | | | | | |
|---|---|---|---|---|---|
| ക്യാഷ് | 130489 | 61977 | 192466 | 130489 | 61977 |

(*) B-4-ൽ പരാമർശിക്കുന്ന പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ തനത് ഫണ്ടിന്റെ ഏതൊക്കെ അക്കൌണ്ടുകളിലാണ് നില നിർത്തിയിരിക്കുന്നതെന്ന കൃത്യമായ വിവരം ലഭ്യമല്ലാത്തതിനാൽ തനത് ഫണ്ട് നീക്കിയിരിപ്പ് തുകയുടെ ബാങ്ക്-ട്രഷറി തിരിച്ചുള്ള വിശദാംശങ്ങൾ കൃത്യതയുള്ളതാണെന്ന് ഉറപ്പാക്കാനായില്ല.

(**) തനത് ഫണ്ടിലൂടെ ഇടപാടുകൾ നടത്തുന്ന മറ്റിനങ്ങളുടെ വിശദാംശങ്ങൾ ഇനം തിരിച്ച് കൊടുത്തിരിക്കുന്നതിനാൽ തനത് ഫണ്ടിന്റെ മുൻവർഷ നീക്കിബാക്കി തൻവർഷ പ്രാരംഭ ബാക്കിയുമായി പൊരുത്തപ്പെടുന്നില്ല.

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 272 | 367197950 | 152 | 120176955 | 0 | 120 | 55.88 |

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | ചെലവ് ₹ | ശതമാനം |
|---|---|---|---|---|---|
| 1. | സെക്രട്ടറി | 39 | 18 | 9862843 | 44.73 |
| 2. | അസി. എൻജി. | 192 | 104 | 34671030 | 53.92 |
| 3. | വെറ്ററിനറി സർജൻ | 7 | 3 | 1666859 | 42.85 |
| 4. | കൃഷി ഓഫീസർ | 3 | 3 | 3544021 | 100 |
| 5. | ഐ.സി.ഡി.എസ്. | 7 | 6 | 7617040 | 85.71 |

| | | | | | |
|---|---|---|---|---|---|
| 6. | എം.ഒ., സി.എച്ച്.സി. | 2 | 2 | 932776 | 100 |
| 7. | വി.ഇ.ഒ. | 5 | 3 | 4585000 | 60 |
| 8. | എം.ഒ. ഹോമിയോ | 3 | 3 | 744518 | 100 |
| 9. | ഹെഡ് മാസ്റ്റർ | 1 | 1 | 168000 | 100 |
| 10. | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 700000 | 100 |
| 11. | അസി. സെക്രട്ടറി | 12 | 8 | 55684868 | 66.66 |
| | **ആകെ** | **272** | **152** | **120176955** | **55.88** |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| **എം.ജി.എൻ.ആർ.ഇ.ജി.എസ്** അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2464 | 484363 | 486827 | 477780 | 9047 |
| തൊഴിലാളികളുടെ കൂലി | 0 | 47464706 | 47464706 | 47464706 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 43920 | 34 |
| കർഷക തൊഴിലാളി പെൻഷൻ | 958400 | 85 |
| വിധവ പെൻഷൻ | 14752700 | 99 |
| വാർദ്ധക്യകാല പെൻഷൻ | 32611400 | 468 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 4106600 | 337 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 302700 | 21 |

### 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.02.2020ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1,71,833/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തര നിയന്ത്രണം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ അക്കൗണ്ടിംഗ് സിസ്റ്റം-അപാകതകളോട്ടുകൂടിയതാണ്. വിശദാംശങ്ങൾ ഖണ്ഡിക 1-11ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തി കൃത്യസമയത്ത് ജീവനക്കാരെ അറിയിക്കുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവർത്തികളുടെ കരാർ ഉടമ്പടി, ക്യാഷ് ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. തൻപതിവേട് യഥാവിധി പരിപാലിക്കുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുന്നില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യ സ്റ്റൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്, ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച ചെയ്യുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല.

പഞ്ചായത്തിൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷത്തിൽ ഓരോ യോഗങ്ങൾ മാത്രമാണ് ഈ വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്നിട്ടുള്ളത്. ടി യോഗത്തിൽ തന്നെ ഹാജർ രേഖപ്പെടുത്തിയതല്ലാതെ എന്തെങ്കിലും വിഷയം ചർച്ച ചെയ്തതായോ ഏതെങ്കിലും തീരുമാനം എടുത്തിട്ടുള്ളതായോ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും

കാര്യക്ഷമവുമായ പ്രവർത്തനം ജനകീയാസൂത്രണത്തിന്റെ വിജയകരമായ നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണ സമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23 & 24.01.2020 | 11/2019 & 12/2019 | 05.02.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.04.2015 മുതൽ 04.05.2015 വരെ | 2010-2011 മുതൽ 2014-2015 വരെ | 06.07.2015 |

### 1-11 വാർഷിക കണക്കിലെ അപാകതകൾ

1. ആർജ്ജിച്ച ആസ്തികളുടെ മൂല്യം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല.

2. വസ്തുനികുതി കുടിശ്ശികയ്ക്ക് ബി-15(എ) പത്രിക തയ്യാറാക്കി പ്രൊവിഷൻ നൽകിയിട്ടില്ല.

3.സഞ്ചയ-സാംഖ്യ സോഫ്റ്റ് വെയറുകളിൽ തയ്യാറാക്കിയ വസ്തുനികുതിയുടെ ഡി.സി.ബി. വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
4. ഷെഡ്യൂൾ ബി-5, ബി-16 എന്നിവ പൊരുത്തപ്പെടുന്നില്ല. ₹95,795/-യുടെ വ്യത്യാസം കാണുന്നു.

### 1-12 പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ട്രേഡേഴ്സ് രജിസ്റ്റർ പ്രകാരം 270 സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു. സഞ്ചയ-യിലെ കെട്ടിടനികുതി അസസ്മെന്റ് പ്രകാരം 700 കൂടുതൽ കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യത്തിനായി നികുതി നിർണയം നടത്തിയിട്ടുണ്ട്. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ രജിസ്റ്റർ പ്രകാരം 2017-18 സാമ്പത്തിക വർഷം 202 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിരുന്നു. എന്നാൽ 2018-19 സാമ്പത്തിക വർഷം 185 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 65 റിസോർട്ടുകൾ/ഹോംസ്റ്റേകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു. എന്നാൽ 5 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. മെഡിക്കൽ സ്റ്റോറുകൾ, റേഷൻ കടകൾ, പെട്രോൾ പമ്പുകൾ, ഹോംസ്റ്റേകൾ /റിസോർട്ടുകൾ തുടങ്ങിയ ലൈസൻസ് എടുത്തിട്ടില്ലാത്ത എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുന്നതിനും പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണ സമിതി അടിയന്തിര നടപടികൾ എടുക്കേണ്ടതാണ്.

## 1-13 വസ്തു നികുതി നിർണ്ണയം - പെർമിറ്റ് സംബന്ധമായ അപാകതകൾ

(i) വസ്തു നികുതി - സഞ്ചയ-യിലെ ഡേറ്റ എൻട്രിയിൽ പിഴവ്

പഞ്ചായത്ത് അംഗീകരിച്ച വസ്തു നികുതി നിരക്ക് പ്രകാരം 100 ച. മീറ്ററിന് മുകളിലുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് ച. മീറ്ററിന് ₹60/- നിരക്കിലാണ് വസ്തു നികുതി നിർണ്ണയിക്കേണ്ടത്. എന്നാൽ പല കെട്ടിടങ്ങൾക്കും സഞ്ചയ-യിൽ വസ്തു നികുതി ഡേറ്റ എൻട്രി ചെയ്യപ്പോൾ 100 ച. മീറ്ററിന് താഴെയുള്ള കെട്ടിടങ്ങളുടെ നിരക്കാണ് (₹40/-) രേഖപ്പെടുത്തിയിട്ടുള്ളത്. ഇതു വഴി ഡിമാന്റിൽ കുറവ് വരികയും പഞ്ചായത്തിന് വരുമാനം നഷ്ടപ്പെടുകയും ചെയ്തു. ഓഡിറ്റിൽ കണ്ടെത്തിയ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്, കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണ്ണം | നിർണ്ണയിച്ച അടിസ്ഥാന നികുതി (@40) | നിർണ്ണയിക്കേണ്ട അടിസ്ഥാന നികുതി (@60) | കുറവ് ₹ |
|---|---|---|---|---|
| VIII/558H | 109 ച.മീ. | 4360 | 6540 | 2180 |
| VIII/229M | 198.93 ച.മീ. | 7957 | 11936 | 3979 |
| XII/515B | 167 ച.മീ. | 6680 | 10020 | 3340 |

ഇപ്രകാരം ഡേറ്റ എൻട്രിയിൽ ധാരാളം പിഴവുകൾ വന്നിട്ടുള്ളതിനാൽ ഡേറ്റ പ്യൂരിഫിക്കേഷൻ നടപടികൾ അപൂർണ്ണമാണെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.7 തീയതി. 18.02.2020) ഡേറ്റ എൻട്രിയിലെ പിഴവാണ് അപാകതയുണ്ടാവാൻ കാരണമെന്നറിയിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ സഞ്ചയ-യിലെ വസ്തു നികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് ഡേറ്റ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഭരണ സമിതി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ii) ആയുർവേദ സുഖ ചികിത്സ കേന്ദ്രത്തിന് കൂടിയ വസ്തു നികുതി നിർണ്ണയിച്ചില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഏതാനും റിസോർട്ടുകളോട് അനുബന്ധമായി ആയുർവേദ സുഖ ചികിത്സ കേന്ദ്രം (SPA) പ്രവർത്തിക്കുന്നതായി ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. SPA-യ്ക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച നിരക്ക് ₹160/- ആണ്. എന്നാൽ SPA-യ്ക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള വസ്തുനികുതി (160/ച.മീ.) നിർണ്ണയിക്കാതെ റിസോർട്ടിന്റെ നിരക്കിലാണ് (90/ച.മീ.) വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7 തീയതി. 18.02.2020) അപാകത പരിഹരിക്കുമെന്നറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളെ കണ്ടെത്തി യഥാർത്ഥ നിരക്കിലുള്ള വസ്തുനികുതി സഞ്ചയ-യിൽ

രേഖപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

(iii) ക്രമവൽക്കരണ ഫീസ് ഈടാക്കിയതിൽ കുറവ്

തദ്ദേശ സ്വയം ഭരണ വകുപ്പ് (ആർ.ഡി) സെക്രട്ടറിയുടെ 229813/ആർ.ഡി.2/15/ത.സ്വ.ഭ.വ പ്രകാരം പെർമിറ്റ് എടുക്കാതെ പണി പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ ക്രമവൽക്കരണ സമയത്ത് രാജിയാക്കൽ ഫീസ് (2 ഇരട്ടി) കൂടാതെ പെർമിറ്റ് ഫീസ് കൂടി ഈടാക്കണമെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ പഞ്ചായത്ത് പരിധിയിൽ പെർമിറ്റ് എടുക്കാതെ പണി പൂർത്തിയാക്കിയ താഴെ പറയുന്ന കെട്ടിടങ്ങളുടെ ക്രമവൽക്കരണ വേളയിൽ മതിയായ ഫീസ് ഈടാക്കിയില്ല.

| കെട്ടിട നമ്പർ | വിസ്തീർണ്ണം(m2) | കെട്ടിടത്തിന്റെ തരം | വാങ്ങിയ ഫീസ് ₹ | വാങ്ങേണ്ട ഫീസ് ₹ | കുറവ് ₹ |
|---|---|---|---|---|---|
| VIII/322A | 61.81 | വാണിജ്യം | 618 | 927 | 309 |
| VIII/229M | 198.93 | വാണിജ്യം | 1990 | 2984 | 994 |
| I/357A | 102.27 | ഗാർഹികം | 614 | 920 | 306 |
| VIII/229L | 46.99 | ഹോംസ്റ്റേ | 470 | 705 | 235 |
| | | ആകെ | | | 1844 |

കുറവ് വന്ന തുക (₹1,844/-) ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. പെർമിറ്റ് എടുക്കാതെ പണി പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ ക്രമവൽക്കരണ വേളയിൽ സർക്കാർ നിർദ്ദേശം പാലിച്ച് മതിയായ ഫീസ് ഈടാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

(iv) വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല - കുടിശ്ശിക ലക്ഷങ്ങൾ

2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തുനികുതിയിനത്തിൽ തൻ വർഷം **8.16 ലക്ഷ**വും കുടിശ്ശിക **17.4 ലക്ഷ**വും ഉൾപ്പെടെ ആകെ **25.5 ലക്ഷം** രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. ഓഡിറ്റ് തീയതിവരെയും (19.02.2020) വസ്തു നികുതി പിരിവിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടില്ല. 3 വർഷത്തിലധികമായി കുടിശ്ശിക നിൽക്കുന്ന തുകകൾ കാലഹരണപ്പെട്ട് പോകുമെന്നതിനാൽ കുടിശ്ശിക ഉൾപ്പെടെയുള്ള തുകകൾ അടിയന്തിരമായി പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതി ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

തൻവർഷം മെഡിക്കൽ ഓഫീസർ നടപ്പാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ ഫയലുകൾ പ്രാഥമിക പരിശോധനയിൽ അപൂർണമാണെന്ന് കണ്ടെത്തിയതിനാൽ അവശ്യരേഖകൾ ഉൾപ്പെടുത്തി പരിശോധനയ്ക്ക്

ലഭ്യമാക്കുന്നതിന് തിരികെ നൽകിയിരുന്നു. എന്നാൽ അവ പിന്നീട് ഓഡിറ്റിന് ഹാജരാക്കിയില്ല.

| ക്രമ നം. | പദ്ധതി | തുക ₹ |
|---|---|---|
| 1 | പാലിയേറ്റീവ് കെയർ (19/19) | 849826 |
| 2 | ആരോഗ്യ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ (201/19) | 82950 |
| | ആകെ | 932776 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിത ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കി ₹9,32,776/-യുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-15 എസ്.എസ്.എ - വിനിയോഗ വിശദാംശങ്ങൾ പഞ്ചായത്തിന് ലഭിക്കുന്നില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് | എസ്.എസ്.എ. വിഹിതം നൽകൽ(1/19) – ജനറൽ |
| ബിൽ നം./തീയതി/തുക | 7/18-19/12-07-2018 ₹9,00,000/- |

തൻവർഷം ഗ്രാമപഞ്ചായത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട്, സർവ്വശിക്ഷാ അഭിയാൻ ജില്ലാ പ്രൊജക്ട് ഓഫീസർ, ലഭ്യമാക്കിയ ഇൻവോയിസ് പ്രകാരം ആകെ ചെലവാകുന്ന തുക ₹36,29,951/-യാണ്. പ്രസ്തുത തുകയുടെ 40% തുകയായ ₹14,51,980/- പഞ്ചായത്ത് വിഹിതമായി അടവാക്കാൻ ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നു. സൂചിത ബിൽ പ്രകാരം ₹9,00,000/- നൽകിയപ്പോൾ ലഭിച്ച വിനിയോഗ സാക്ഷ്യപത്രത്തിൽ ഇൻവോയിസിൽ നിന്നും തുകയിലും ഇനങ്ങളിലും വ്യത്യാസപ്പെട്ടിരിക്കുന്നു. തുക അധികം ചെലവഴിച്ച ഇനങ്ങളുടെ മാത്രം വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് പ്രകാരം | പ്രവർത്തനം/ഇനം | ഇൻവോയിസ് പ്രകാരം | പഞ്ചായത്ത് വിഹിതം-40% | വിനിയോഗ സാക്ഷ്യപത്ര |
|---|---|---|---|---|

| ക്രമ നമ്പർ | | ആകെ ചെലവ്(₹) | തുക(₹) | പ്രകാരം ചെലവ്(₹) |
|---|---|---|---|---|
| 6 | റ്റീച്ചർ ട്രയിനിംഗ് | 29000 | 11600 | 54000 |
| 3 | സൗജന്യ പാഠപുസ്തകം | 98750 | 39500 | 117000 |
| ഇല്ല | പാർട്ട് ടൈം ഇൻസ്ട്രക്ടേഴ്സ് | 0 | 0 | 9000 |
| 4 | സൗജന്യ യൂണിഫോം | 72000 | 28800 | 72000 |
| 12 | സ്കൂൾ മെയിന്റൻസ് ഗ്രാന്റ് | 45000 | 18000 | 36000 |
| 11 | സ്കൂൾ ഗ്രാന്റ് | 44000 | 17600 | 27000 |
| ഇല്ല | CWSN Students | 0 | 0 | 72000 |
| 15 | പി.ആർ.ഐ. പരിശീലനം | 3300 | 1320 | 4500 |
| 19 | സാമൂഹിക പങ്കാളിത്തം | 10536 | 4214 | 4500 |
| 18 | എൽ.ഇ.പി. | 31934 | 12773 | 27000 |
| ഇല്ല | Innovative | 0 | 0 | 45000 |
| 9 | രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ | 26339 | 10536 | 27000 |
| 17 | പ്രൊജക്ട് മാനേജ്മെന്റ് കോസ്റ്റ് | 182696 | 73078 | 90000 |

ഇൻവോയിസിൽ സൂചിപ്പിക്കാത്ത ഇനങ്ങൾക്ക് ചെലവഴിച്ചതും ആവശ്യപ്പെട്ടതിൽ കൂടിയ തുക ചില ഇനങ്ങളിൽ ചെലവഴിച്ചതും പരിശോധിക്കപ്പെടേണ്ടതാണ്. മേൽപറഞ്ഞ എല്ലാ ഇനങ്ങൾക്കും പ്രത്യേകിച്ച് സൗജന്യ പാഠപുസ്തകം, സൗജന്യ യൂണിഫോം, സ്കൂൾ മെയിന്റൻസ് ഗ്രാന്റ് എന്നീ ഇനങ്ങൾക്ക് തുക ആനുപാതികമായി വിനിയോഗിച്ചുവെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. Children With

Special Needs (CWSN) Students, Innovative, പാർട്ട് ടൈം ഇൻസ്ട്രക്ടേഴ്സ് എന്നീ ഇൻവോയിസിൽ സൂചിപ്പിക്കാത്ത, ഇനങ്ങളിലുള്ള ചെലവ് നടന്നതെവിടെ, എപ്രകാരം എന്നൊക്കെ കൃത്യമായ വിവരങ്ങൾ ലഭ്യമാകേണ്ടതുണ്ട്.

നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ (സ്കൂളുകളുടെയും അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഇനം തിരിച്ചുള്ള വിശദാംശങ്ങൾ) ഉൾക്കൊള്ളിച്ചുകൊണ്ട് ഇൻവോയ്സ് തയ്യാറാക്കുന്നുവെന്നും തുകകൾ വിനിയോഗിച്ച സ്കൂളുകളുടെയും മറ്റും കൃത്യമായ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമാകുന്നുണ്ടെന്നും വിനിയോഗ സാക്ഷ്യപത്രത്തിൽ പരാമർശിച്ച എല്ലാ ഇനങ്ങൾക്കും ആനുപാതികമായി തുക ചെലവഴിച്ചുവെന്നും ഭരണസമിതി ക്രിയാത്മകമായ ഇടപെടൽ നടത്തി ഉറപ്പാക്കേണ്ടതാണ്. തൻവർഷം ചെലവഴിച്ച മുഴുവൻ തുകയുടെയും വിനിയോഗ സാക്ഷ്യപത്രമാണ് ലഭ്യമാക്കേണ്ടത്. എങ്കിൽ മാത്രമേ 40% തുക ഗ്രാമപഞ്ചായത്ത് വിഹിതത്തിൽ നിന്നും ചെലവ് ചെയ്തു എന്ന് വ്യക്തമാകൂ.

### 1-16 എച്ച്.എം നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ - കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിന് ടെൻഡർ നൽകിയില്ല

| | |
|---|---|
| **പ്രോജക്റ്റ് നം.** | 20/2018-19 - വിവിധ സ്കൂളുകളിലേക്ക് പാത്രങ്ങൾ |
| **ചെലവ്** | ₹1,68,000/- |
| **ബിൽ നം.** | 1/2018-19 തീ. 21.03.2019 |

പ്രോജക്റ്റ് നടത്തിപ്പിലേക്ക് പാത്രങ്ങൾ (33 ഇനങ്ങൾ) വാങ്ങാനായി 31.10.2018ൽ സെക്രട്ടറി വിളിച്ച ടെൻഡറിൽ താഴെപ്പറയുന്ന 4 സ്ഥാപനങ്ങൾ പങ്കെടുക്കുകയുണ്ടായി.

| ക്രമ നം. | സ്ഥാപനം | ക്വോട്ട് ചെയ്ത തുക ₹ |
|---|---|---|
| 1. | PINNFRA, പത്തനംതിട്ട | 168000 |
| 2. | ഫിനിക്സ് ഇന്റർനാഷണൽ, തൃശ്ശൂർ | 172000 |
| 3. | PMM & Sons, കാഞ്ഞിരപ്പള്ളി | 94305 |
| 4. | N & N എഞ്ചിനീയറിംഗ് & ജനറൽ ട്രേഡിംഗ് കമ്പനി, കൊച്ചി | 185336 |

ക്രമ നമ്പർ - 3ൽ PMM & Sons എന്ന സ്ഥാപനം ഏറ്റവും കുറവ് തുക (₹94,305/-) ക്വോട്ട് ചെയ്തിട്ടും ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കുകയോ, പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടി ഗുണനിലവാരം പരിശോധിക്കുകയോ ചെയ്യാതെ ഗുണനിലവാരം കുറവാണെന്ന് വിലയിരുത്തി 15.11.2018ലെ ജനറൽ കമ്മറ്റിയുടെ 9/1 നമ്പർ കമ്മിറ്റി തീരുമാന പ്രകാരം ₹1,68,000/- ക്വോട്ട് ചെയ്ത PINNFRA, പത്തനംതിട്ട എന്ന സ്ഥാപനത്തിന് ക്വട്ടേഷൻ അനുവദിച്ച് നൽകി. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6 തീ. 18.02.2020) ഗുണനിലവാരം കുറവാണെന്ന് ചൂണ്ടിക്കാട്ടി കമ്മിറ്റി തീരുമാനിച്ചതിനാലാണ് കൂടിയ നിരക്കിൽ ടെൻഡർ നൽകാനിടയായതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്താതെ കുറഞ്ഞ നിരക്ക് ഒഴിവാക്കി കൂടിയ നിരക്ക് കമ്മിറ്റി അനുവദിച്ചത് ശരിയായ നടപടിയല്ല. ടെൻഡർ നടപടി ക്രമങ്ങൾ പാലിച്ച് പ്രൊക്യുയർമെന്റ് കമ്മിറ്റി യഥാസമയം ചേർന്ന് ഗുണനിലവാരം ഉറപ്പ് വരുത്തി മാത്രം ഇത്തരം പദ്ധതികൾ നടപ്പാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

### 1-17 സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി - ₹17,30,218/-യുടെ ചെലവ് തടസ്സം

| | |
|---|---|
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | കൃഷി ഓഫീസർ |
| **പദ്ധതി നമ്പർ** | 06/2019 |
| **പദ്ധതി** | കർഷകർക്ക് ജൈവ വള(വേപ്പിൻ പിണ്ണാക്ക്) വിതരണം |
| **അടങ്കൽ** | ₹24,93,000/- (പൊതു വിഭാഗം)<br>₹85,000/- (ഗുണഭോക്തൃ വിഹിതം) |

ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് താഴെ പരാമർശിക്കും പ്രകാരം ഉപ്പുതറ സർവ്വീസ് സഹകരണ സംഘത്തിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ ₹25/- നിരക്കിൽ നേരിട്ട് വേപ്പിൻ പിണ്ണാക്ക് വാങ്ങി നൽകിയിട്ടുണ്ട്.

| ക്രമ നം. | ട്രഷറി ബിൽ നം & തീയതി | തുക ₹ | സ്ഥാപന ബിൽ നം./ തീയതി | വാങ്ങിയ ജൈവവളത്തിന്റെ അളവ് (കി.ഗ്രാം) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 4/2018-19 തീ: 21.12.2018 | 1042300 | 120 തീ. 30.10.2018 | 56000 | 700 |
| 2 | 5/2018-19 തീ: 28.12.2018 | 446700 | 120 തീ. 26.12.2018 | 24000 | 300 |
| 3 | 7/2018-19 തീ: 28.02.2019 | 96785 | 120 തീ. 22.02.2019 | 5200 | 65 |
| 4 | 8/2018-19 തീ: 22.03.2019 | 69983 | 122 തീ. 22.02.2019 | 3760 | 47 |
| 5 | 9/2018-19 തീ: 22.03.2019 | 74450 | 121 തീ. 06.03.2019 | 4000 | 50 |

| | | | | | |
|---|---|---|---|---|---|
| | ആകെ | 1730218 | | | |

സഹകരണ സംഘങ്ങൾ നേരിട്ട് ഉൽപ്പാദിപ്പിക്കുന്ന ജൈവ വളം മാത്രമേ അത്തരം സ്ഥാപനങ്ങളിൽ നിന്നും വാങ്ങാവൂ എന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.02.2018ലെ സ.ഉ(സാധാ) 22/2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1-1, 2 പ്രകാരം നിഷ്കർഷിച്ചിരിക്കുന്നത്. സർക്കാർ ഉത്തരവ് പ്രകാരം പർച്ചേസ് നടത്താതെ ജൈവവളം നേരിട്ട് ഉൽപ്പാദിപ്പിക്കാത്ത ഉപ്പുതറ സർവ്വീസ് സഹകരണ സംഘത്തിൽ നിന്നും ജൈവ വളം വാങ്ങിയത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ₹17,30,218/-യുടെ ചെലവ് തടസ്സം ചെയ്യുന്നു.

### 1-18 വികസന ആവശ്യങ്ങൾക്ക് ലഭിച്ച ഫണ്ട് - യഥാവിധി ചെലവഴിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ വിനിയോഗത്തിലെ കുറവ് മൂലം വിവിധ ഇനങ്ങളിലായി ₹2,23,34,849/- നഷ്ടമായി. പഞ്ചായത്തിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ ഫണ്ട് രജിസ്റ്ററുകൾ പ്രകാരമുള്ള തുകകൾ ഉൾപ്പെടുത്തുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 33614647 | 33614647 | 27522385 | 6092262 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 8261000 | 8261000 | 6625338 | 1635662 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | 4940000 | 4940000 | 4295818 | 644182 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 26970000 | 26970000 | 20623293 | 6346707 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 6249000 | 6249000 | 2267533 | 3981467 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | 18349993 | 18349993 | 14715424 | 3634569 |

തൻവർഷം ചെലവഴിക്കാത്ത തുക സർക്കാരിലേക്ക് തിരികെ പോകുന്നു. ലഭിച്ച തുകകൾ യഥാവിധി വിനിയോഗിക്കാത്തതിനാൽ തൻവർഷം ₹2,23,34,849/- പഞ്ചായത്തിന് നഷ്ടമായി. വികസന പ്രവർത്തനങ്ങൾക്ക്

ഉതകുമായിരുന്ന ഫണ്ട് നഷ്ടമായത് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള ശരിയായ ഇടപെടൽ നടത്താത്തത് മൂലമാണ്.

### 1-19 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ - മുതൽ കൂട്ടിയില്ല

ഇ.എം.ഡി, വാടക ഡെപ്പോസിറ്റ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് തുടങ്ങിയ ഇനത്തിൽ തൻവർഷം ₹15,26,534/- നീക്കിയിരിപ്പുള്ളതായി കാണുന്നു. നിക്ഷേപിച്ച തുകകൾ തിരികെ ലഭിക്കുന്നതിനായി മൂന്ന് വർഷത്തിനുള്ളിൽ അവകാശം ഉന്നയിച്ചില്ലെങ്കിൽ ആയത് കാലഹരണപ്പെട്ടതായി കണക്കാക്കി പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ വർഷം തിരിച്ചുള്ള തുക കണക്കാക്കി ഡി.സി.ബി. തയ്യാറാക്കിയിട്ടില്ലാത്തതിനാൽ കാലഹരണപ്പെട്ടിട്ടുള്ള തുകയുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞില്ല. ഡി.സി.ബി. തയ്യാറാക്കി കാലഹരണപ്പെട്ട തുക പഞ്ചായത്തിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

### 1-20 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ഭരണ ചെലവുകൾക്ക് നൽകിയ തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല

26.08.2017ലെ സ.ഉ.(സാധാ)2941/2017/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവുകൾ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയിരുന്നു. പ്രസ്തുത തുക കേന്ദ്ര ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട അക്കൗണ്ടിലേയ്ക്ക് തിരികെ നിക്ഷേപിച്ച് ക്രമീകരിക്കുന്നതിനും ഉത്തരവായിരുന്നു. 2018-19 സാമ്പത്തിക വർഷം മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ ഭരണചെലവുകൾ നടത്തുന്നതിനായി ₹9,58,633/- തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. തൻവർഷം ₹4,60,806/- ഗ്രാമപഞ്ചായത്തിന് കേന്ദ്ര ഫണ്ടിൽ നിന്നും ലഭിച്ചിട്ടുണ്ട്. മുൻ വർഷം ലഭിക്കാനവശേഷിച്ചിരുന്ന ₹1,14,000/- ഉൾപ്പെടെ ആകെ ₹6,11,827/- ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. തുക ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-21 സാക്ഷരത പ്രേരകിന് 2016-17 മുതൽ നൽകിയ മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ സാക്ഷരത പ്രേരകുമാരായ ശ്രീമതി. ഷീല, ശ്രീമതി. സുമംഗല എന്നിവർക്ക് 28-01-2016 മുതൽ 12-04-2017 വരെ നൽകിയ ₹1,35,240/-ന്റെ മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. തുക ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-22 ദിവസ വേതനത്തിൽ ടൗൺ ക്ലീനിംഗ് തൊഴിലാളികൾക്ക് ഓണം മുൻകൂർ വേതനം നൽകൽ - ക്രമവിരുദ്ധം

**വൗച്ചർ നം. 21800521/23-08-2018 ₹46,450/-**

**വൗച്ചർ നം. 21800522/23-08-2018 ₹3,100/-**

ഓണം പ്രമാണിച്ച് ഫുൾടൈം, പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർ, വർക്ക് എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാർ, എല്ലാ

വകുപ്പുകളിലെയും എസ്.എൽ.ആർ, എൻ.എം.ആർ ജീവനക്കാർ, അധ്യാപകർ ഉൾപ്പെടെയുള്ള സർക്കാർ ജീവനക്കാർ എന്നിവർക്ക് 2018 ആഗസ്റ്റ് മാസത്തിലെ ശമ്പളം KFC വാല്യം Iലെ ആർട്ടിക്കിൾ 75(a) & (b)യിൽ ഇളവ് വരുത്തി 17-08-2018, 19-08-2018, 20-08-2018 എന്നീ തീയതികളിൽ മുൻകൂറായി വിതരണം ചെയ്യുന്നതിന് ജി.ഒ.(പി)നം. 125/2018/ധന./തീ. 09-08-2018 പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ദിവസ വേതനത്തിൽ ജോലി ചെയ്യുന്ന ടൗൺ ക്ലീനിംഗ് തൊഴിലാളികളായ രാഹുൽ, പരമേശ്വരൻ, തങ്കമ്മ, മൈനമ്മ, ഓമന ഷാജി, ലക്ഷ്മിക്കുട്ടി എന്നിവർ 01-08-2018 മുതൽ 23-08-2018 വരെ ജോലി ചെയ്തപ്പോൾ 8/2018ൽ ഒരു മാസത്തെ വേതനം ഓണം മുൻകൂറായി മേൽ വൗച്ചറുകൾ പ്രകാരം പിൻവലിച്ച് നൽകിയിട്ടുണ്ട്. ആയത് ക്രമവിരുദ്ധമാണ്. താൽക്കാലിക അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് വേതനം മുൽകൂറായി നൽകാൻ ഉത്തരവില്ലാത്തതിനാൽ ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-23 കംഫർട്ട് സ്റ്റേഷൻ ക്ലീനിംഗ് ചാർജ്ജ് നൽകൽ - പഞ്ചായത്തിന് ബാധ്യത

ഗ്രാമപഞ്ചായത്തിലെ മാർക്കറ്റിനുള്ളിൽ സ്ഥിതി ചെയ്യുന്ന കംഫർട്ട് സ്റ്റേഷൻ ക്ലീനിംഗിന് ശ്രീമതി. മൈനമ്മ എന്ന തൊഴിലാളിക്ക് പ്രതിമാസം ₹3,100/- വീതം നൽകുന്നുണ്ട്. എന്നാൽ കംഫർട്ട് സ്റ്റേഷൻ നാളിതുവരെ ലേലത്തിൽ നൽകിയിട്ടില്ല. **ഒരു രൂപ** പോലും വരവില്ലാത്ത കംഫർട്ട് സ്റ്റേഷന് ക്ലീനിംഗ് ചാർജ്ജ് നൽകുന്നത് ഗ്രാമപഞ്ചായത്തിന് ബാധ്യതയാണ്. ആയതിനാൽ കംഫർട്ട് സ്റ്റേഷൻ ലേലത്തിൽ നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-24 ആസ്തി രജിസ്റ്ററുകൾ സർക്കുലർ അനുസരിച്ച് പരിപാലിക്കുന്നില്ല

13.01.2010ലെ സർക്കുലർ നമ്പർ 58608/ഡി.ബി.2/2009/ത.സ്വ.ഭ.വ. പ്രകാരം ആസ്തി രജിസ്റ്ററുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് വ്യക്തമായി നിർദ്ദേശിക്കുന്നു. ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറിയപ്പോൾ ആസ്തികളുടെ മൂല്യം കണക്കാക്കി വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കി രേഖപ്പെടുത്തേണ്ടതാണ്. ആസ്തികളുടെ വിവരങ്ങൾ നാല് രജിസ്റ്ററുകളിലായി പത്ത് ഫോറങ്ങളിൽ യഥാക്രമം ഭൂമി, കെട്ടിടങ്ങൾ, റോഡുകൾ, ലെയ് നുകൾ, കലുങ്കുകൾ, പാലങ്ങൾ, കുടിവെള്ളം, ജലസേചനം, വൈദ്യുതി, മാലിന്യ സംസ്കരണം, ജംഗമവസ്തുക്കളുടെ വിവരണം, എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഇവ സൂക്ഷിച്ചിരിക്കുന്നത് സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചല്ല എന്ന് വ്യക്തമാണ്. ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണവുമാണ്. പുതിയതായി ആർജ്ജിച്ചതോ കൈയ്യൊഴിഞ്ഞതോ ആയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്ററുകൾ നാളിതുവരെ പുതുക്കി സർക്കാർ സർക്കുലറിൽ പറഞ്ഞ പ്രകാരമുള്ള ഫാറങ്ങൾ സൂക്ഷിയ്ക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-25 എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെട്ടതാണ്. വകുപ്പ് 173(എ), 2010ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം 3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ (പി.എച്ച്.സി., ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിന് കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൌണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

### 1-26 9 ഏക്കർ - കുടിവെള്ള പദ്ധതി ആരംഭിക്കാത്തത്

| | |
|---|---|
| **പ്രോജക്ട് നം./പേര്** | 57/19-9 ഏക്കർ കുടിവെള്ള പദ്ധതി |
| **അടങ്കൽ** | ₹10,00,000/- |
| **എഗ്രിമെന്റ് നം.** | 116/AE/LSGD/UPA/dt. 28/02/19 |

ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് 9 ഏക്കർ ഭാഗത്ത് വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് കുടിവെള്ള വിതരണം നടത്തുന്നതിനായി വാട്ടർ അതോറിറ്റിയിൽ ₹10,00,000/- നിക്ഷേപിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തിയുടെ വിശദാംശം ചുവടെ നല്കുന്നു.

| | |
|---|---:|
| 80 mm GI PIPE | 776230.85 |
| Leak rectification | 10748.31 |
| Roofing for Tank | 99301.49 |

| | |
|---|---|
| Centage | 110785.00 |
| Unforseen items | 2934.35 |

വാട്ടർ അതോരിറ്റിയിൽ നിന്നുമുള്ള നിർദ്ദേശപ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ യഥാസമയം കരാർ ഒപ്പിട്ടുവെങ്കിലും നാളിതുവരെ വാട്ടർ അതോരിറ്റി പണികൾ ആരംഭിച്ചിട്ടില്ല. കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശത്ത് കുടിവെള്ള വിതരണം നടത്തുവാനുള്ള പണികൾ അടിയന്തിരമായി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-27 കുടിവെള്ള പദ്ധതികൾ പരാജയം

കുടിവെള്ള ക്ഷാമം രൂക്ഷമായിട്ടുള്ള പഞ്ചായത്തിൽ ചെറുകിട കുടിവെള്ള പദ്ധതികളാണ് ആവിഷ്കരിക്കുന്നത്. പ്രധാനമായും കുഴൽ കിണറുകളെയാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. ഭൂഗർഭ ജല അതോരിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള അളവിൽ മാത്രമാണ് കിണറുകൾ നിർമ്മിക്കുന്നത്. സമീപകാലത്ത് ഭൂഗർഭ ജലനിരപ്പ് ക്രമാതീതമായി കുറഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ ഭൂഗർഭ ജല അതോരിറ്റി നിർദ്ദേശിക്കുന്ന താഴ്ചയിൽ ജലം ലഭിക്കുന്നതിനുള്ള സാധ്യത വിരളമാണ്. കഴിഞ്ഞ സാമ്പത്തിക വർഷം പഞ്ചായത്തിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളുടെ വിശദാംശം ചുവടെ നല്കുന്നു.

| പ്രോജക്ട് നം./പേര് | 229/17 ഒമേഗ കുടിവെള്ള പദ്ധതി | 302/17 മാട്ടുത്താവളം കുടിവെള്ള പദ്ധതി |
|---|---|---|
| അടങ്കൽ | 200000 | 250000 |
| ബിൽ നം./തുക | 3/18-19-102000 | ചെക്ക് നം. 1568061 ₹42,379/- |

രൂക്ഷമായ കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങളിൽ ആവിഷ്കരിച്ച രണ്ട് പദ്ധതികളും നിർമ്മിച്ച കുഴൽ കിണറുകളിൽ ജലം ലഭിക്കാത്തതിനെ തുടർന്ന് പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടു. പദ്ധതി പണം പാഴ് ചെലവാകാതെ പ്രദേശത്തിനിണങ്ങുന്ന വൻകിട ജലസേചന പദ്ധതികൾ സംസ്ഥാന സർക്കാരിന്റെയോ, മറ്റ് ഏജൻസികളുടെയോ സഹായത്തോടെ നടപ്പിലാക്കുവാൻ ശ്രമിക്കേണ്ടതാണ്.

## ഭാഗം -4
## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 07.08.2019, 08.08.2019 | കെ.എസ്.എ.-ഐ.ഡി.കെ.3/790(2)<br>തീ. 17.08.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് | മുൻ വർഷം | 127253 | ഇ.എം.എസ് ഭവനപദ്ധതി പലിശ | 127253 | 0 |
| | 2017-18 | 1100000 | എസ്.സി. വിദ്യാർത്ഥിനികൾക്ക് പഠനമുറി | 850000 | 250000 |
| | 2018-19 | 3650000 | ലൈഫ് പാർപ്പിട പദ്ധതി – ജനറൽ | 3620000 | 30000 |
| | | 1359617 | ലൈഫ് പാർപ്പിട പദ്ധതി – എസ്.സി.പി | 171851 | 1187766 |
| | | 302040 | ലൈഫ് പാർപ്പിട പദ്ധതി – റ്റി.എസ്..പി | 90000 | 212040 |
| | | 550000 | പാലിയേറ്റീവ് കെയർ | 487026 | 62974 |
| | | 100000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 500000 | ക്ഷീര കർഷകർക്കുള്ള പാലിന് സബ്സിഡി | 500000 | 0 |
| | | 4168574 | ലൈഫ് പാർപ്പിട പദ്ധതി – എസ്.സി.പി | 100000 | 4068574 |
| | | 945272 | ലൈഫ് പാർപ്പിട പദ്ധതി – റ്റി.എസ്.പി | 700000 | 245272 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ജല അതോറിറ്റി | ഒമ്പതേക്കർ കുടിവെള്ള പദ്ധതി | യു.റ്റി.ആർ.യു. 000000622496074 | 1000000 | 0 | 1000000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

– ഇല്ല –

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻ വർഷത്തെ വരവ് ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | സ.ഉ.(സാധാ)നം.293336/ ഡി.ബി/1/510/തസ്വഭവ. തീ. 23.09.2014 | 18000000 | 13700000 | 40000 | 1800000 | 574118 | 11940000 |
| ഇം.എം.എസ് ഭവന നിർമ്മാണ പദ്ധതി | ജി.ഒ-229/10/ എൽ.എസ്.ജി.ഡി തീയതി. - | 25434000 | 5400366 | 0 | 2500000 | 0 | 2900366 |
| ലൈഫ് ഭവന പദ്ധതി | സ.ഉ.(സാധാ)നം.68/2018/ തസ്വഭവ. തീ. 18.05.2018 | 80020000 | 80020000 | 0 | 0 | 0 | 80020000 |

## 4-6 സ്ഥിര നിക്ഷേപം

– ഇല്ല –

## 4-7 ഓഡിറ്റ് റിക്കവറി

– ഇല്ല –

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 2-1 | 2006-07 | 3.35.3 | നിയമപരമായ രജിസ്റ്ററുകൾ എഴുതുന്നില്ല | തുടരുന്നു |
| 2006-07 | 3(3) | 2009-10 | 2(8) | നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് ₹3,14,800/- | തുടരുന്നു |
| 2014-15 | 2-9 | 2016-17 | അനുബന്ധം 3 | വസ്തുനികുതി അപാകതകൾ | തുടരുന്നു |
| 2015-16 | 2-10 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | തുടരുന്നു |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക ₹ (രസീത് നമ്പർ/ തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക ₹ (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1998-99 | 21എ | കെ. എൻ. അശോകൻ സെക്രട്ടറി | LF.7513/ SplCell/ SC2/02 dt.01.03.03 | 110 | - | ഇല്ല | - | - | - | - | 110 | - |

**(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക**

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോസ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2000-01 | 29 | കെ.എൻ അശോകൻ സെക്രട്ടറി | LF.20351/ SplCell/ SC2/04 dt. 30.11.05 | 2056 | - | - | - | - | - | 2056 | - |
| 2 | 2003-04 | 3-6 | ചന്ദ്രശേഖരൻ എ.ഇ. | LF-9186 Spl.Cell/ SC2/2007 dated. 17.02.10 | 8264 | - | - | - | - | - | 8264 | - |
| 3 | 2005-06 | 3-4, 3-5 | മുഹമ്മദ് കുഞ്ഞ് | LF21419 Spl.Cell/ SC2/2009 dated. 04.03.10 | 19376 | - | - | - | - | - | 19376 | - |
| 4 | 2010-11 | 3-8 | ദാനിയേൽ മാത്യു | LF-6984 Spl.Cell/ SC2/2013 dated. 13.03.14 | 14000 | - | - | - | - | - | 14000 | - |
| 5 | 2014-15 | 3-3 | ഡോ. ബി. രഘുനാഥ് വെറ്ററിനറി സർജൻ | LF-6984 Spl.Cell/ SC2/2013 dated. 13.03.14 | 17500 | - | - | - | - | - | 17500 | - |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹21,07,00,852 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹13,83,45,962 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹1,844 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹26,62,994 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

– ഇല്ല –

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 9,32,776 | ഡോ. കെ. ഇ. സെബാസ്റ്റ്യൻ, മെഡിക്കൽ ഓഫീസർ(ആരോഗ്യം) |
| 1-17 | 17,30,218 | ശ്രീ. ബിനുമോൻ കെ. കെ., കൃഷി ഓഫിസർ |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

- ഇല്ല -

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

- ഇല്ല –

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ഡോ. കെ. ഇ. സെബാസ്റ്റ്യൻ<br>മെഡിക്കൽഓഫീസർ | സി.എച്ച്.സി.<br>ഉപ്പുതറ | കടംപ്ലാക്കൽ വീട്<br>ഇരുപതേക്കർ പോസ്റ്റ്<br>കട്ടപ്പന<br>ഇടുക്കി ജില്ല |
| ശ്രീ.ബിനുമോൻ കെ. കെ.<br>കൃഷി ഓഫിസർ | കൃഷി ഓഫീസർ<br>കരുണാപുരം ഗ്രാമപഞ്ചായത്ത് | കണ്ണമാക്കൽ വീട്<br>മത്തായിപ്പാറ പോസ്റ്റ്<br>കൊല്ലത്തിക്കാവ്<br>ഇടുക്കി ജില്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1962-63<br>&<br>1977-78 | എൽ.എഫ്.ഐ-7/1196/ 90/<br>തീ. 02-01-91 | | |
| 1978-1979 | എൽ.എഫ്.ഐ-6/359/81<br>തീ. 19-06-81 | | |
| 1979-80<br>&<br>1980-81 | എൽ.എഫ്.ഐ-6/689/81<br>തീ. 02-03-82 | | |
| 1981-1982 | എൽ.എഫ്.ഐ-6/164/84<br>തീ. 27-07-84 | | |
| 1982-1983 | എൽ.എഫ്.ഐ-6/1102/84/<br>തീ. 10-06-85 | | |
| 1983-1984 | എൽ.എഫ്.ഐ-7/225/86<br>തീ. 04-04-87 | | |
| 1984-1985 | എൽ.എഫ്.ഐ-7/543/88<br>തീ. 31-03-88 | | |

| | | | |
|---|---|---|---|
| 1985-1986 | എൽ.എഫ്.ഐ-7/766/89<br>തീ. 31-10-89 | | |
| 1986-1987 | എൽ.എഫ്.ഐ-7/982/91<br>തീ. 06-01-92 | | |
| 1987-1988 | എൽ.എഫ്.ഐ-7/338/92<br>തീ. 22-09-92 | | |
| 1988-89&1989-90 | എൽ.എഫ്.ഐ-7/436/93<br>തീ. 03-12-93 | | |
| 1990-91&1991-92 | എൽ.എഫ്.ഐ-7/127/94<br>തീ. 04-08-94 | | |
| 1992-93&1993-94 | എൽ.എഫ്.ഐ-7/157/95<br>തീ. 04-07-95 | | |
| 1998-1999 | കെ.എസ്.എ.ഐ.ഡി.കെ-9/818/2018<br>തീ.27.04.2018 | 2 | 21 എ, ബി<br>22 എ, ബി |
| 1999-2000 | കെ.എസ്.എ.ഐ.ഡി.കെ-9/818/2018<br>തീ.27.04.2018 | 2 | 33, 35 |
| 2000-2001 | കെ.എസ്.എ.ഐ.ഡി.കെ-9/818/2018<br>തീ.27.04.2018 | 2 | 18, 29 |
| 2001-2002 | കെ.എസ്.എ.ഐ.ഡി.കെ-9/818/2018<br>തീ.27.04.2018 | 2 | 2-4, 2-10 |
| 2003-2004 | കെ.എസ്.എ.ഐ.ഡി.കെ-9/818/2018<br>തീ.27.04.2018 | 3 | 2-1, 2-3, 3-6 |
| 2004-2005 | കെ.എസ്.എ.ഐ.ഡി.കെ-9/818/2018<br>തീ.27.04.2018 | 1 | 3-7 |
| 2005-06 | കെ.എസ്.എ.ഐ.ഡി.കെ-9/818/2018<br>തീ.27.04.2018 | 3 | 3-3, 3-4, 3-5 |
| 2006-07 | എൽ.എഫ്.ഐ-3/586/2014 | 7 | 2-2, 2-3, 2-4 |

| | | | |
|---|---|---|---|
| | തീ. 04.12.2014 | | (എ,ബി,സി) 3-1,<br>3-2, 3-3, 3-4 |
| 2007-08 | എൽ.എഫ്.ഐ.-113/2013<br>തീ. 11.05.2011 | 18 | 1-2,1-4,1-5,2-1എ,<br>2-2,2-4,2-5,<br>3-1,3-3,3-4,3-5,<br>3-6,3-7,3-8,3-9,<br>3-10,3-11,3-12 |
| 2008-09 | എൽ.എഫ്.ഐ-9/1548/2012<br>തീ. 10.01.2013 | 9 | 1-1,1-2,1-3, 2-1,<br>2-2,2-3എ, ബി<br>2-4, 2-5, 3-1 |
| 2009-10 | കെ.എസ്.എ.ഐ.ഡി.കെ-9/1518/2018<br>തീ. 05.04.2017 | 6 | 1-1,1-2,1-3,<br>2-1,2-2,3-1 |
| 2010-11 | എൽ.എഫ്.ഐ-9/519/2018<br>തീ. 05.05.2018 | 10 | 1-1,1-2(1,2,3,4),1-3,<br>1-4,1-5,3-4,3-5,<br>3-6,3-7,3-8 |
| 2011-12 | എൽ.എഫ്.ഐ-9/1435/ 2014<br>തീ. 03.02.2015 | 7 | 3-1,3-3,3-4,3-5,<br>3-6,3-7,3-8 |
| 2012-13 | എൽ.എഫ്.ഐ--9/1357/2014<br>തീ. 26.03.2015 | 6 | 2-1,2-2,3-1,<br>3-2,3-3,3-4 |
| 2013-14 | കെ.എസ്.എ.ഐ.ഡി.കെ-<br>9/488/2015തീ.20.06.2016 | 5 | 2-1,2-2,2-3,<br>3-1,3-2 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ-14/1189/2016<br>തീ. 01.09.2016 | 15 | 2-52-8,2-9,2-10,<br>2-11,3-1,3-2, 3-3,<br>3-4,3-6, 3-7,3-8,<br>3-9,3-11,4-9 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ-9/418/2017<br>തീ. 05.04.2017 | 14 | 1-12, 2-1, 2-2, 2-3,<br>2-4,2-5,3-1,3-2,3-4,<br>3-5,3-6,3-9,3-11,4-9 |

| | | | |
|---|---|---|---|
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ-9/1314/2017<br>തീ. 03.10.2017 | 13 | 1-12,2-1,2-2,2-3,<br>3-1,3-2,3-3,3-4,3-6,<br>3-7,3-8,3-9,4-9 |
| 2017-18 | കെ.എസ്.എ.-ഐ.ഡി.കെ.-9/60/19 | 14 | 2-1 മുതൽ<br>2-5 വരെയും<br>3-1 മുതൽ<br>3-9 വരെയും |

**ഡെപ്യൂട്ടി ഡയറക്ടർ**

**ഇടുക്കി**

അനുബന്ധം - 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

**നം.കെ.എസ്.എ-ഐ.ഡി.കെ-9/199/20**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ – 685 584
ഫോൺ : 04862-227332
*ഇ-മെയിൽ : doidk.ksad@kerala.gov.in*
തീയതി. 27.04.2020

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും 22.05.2018ലെ(സാധാ)1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ

ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ **ഉപ്പുതറ ഗ്രാമ**പഞ്ചായത്തിന്റെ **2018-19** വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ **2018-19**ലെ വാർഷിക ധനകാര്യ പത്രിക, കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

**Annexure – 2**

**AUDIT CERTIFICATE**

**No.KSA-IDK-9/199/20**

Office of the Senior Deputy Director of
Kerala State Audit Department
District Office, Idukki
Thodupuzha – 685 584
Phone : 04862-227332
***E-mail : doidk.ksad@kerala.gov.in***
Date. 27.04.2020

Certified that I have audited the Annual Financial Statement of **UPPUTHARA** Grama Panchayat in **IDUKKI DISTRICT** for the year ended on **31.03.2019** in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Panchayat Raj Act 1994, the rules made under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts in Panchayath Raj Institutions.

In my opinion, the Financial Statements of **UPPUTHARA** Grama Panchayat for the **2018-19**, except the observations in my Audit Report Properly presents the picture of Income and Expenditure

**DEPUTY DIRECTOR**
**IDUKKI**